*Celebrating Extraordinary Missionary Month October 2019…*

**Thursday, 31 October 2019**

ഏലിയാ സ്ലീവാ മൂശാകാലം ഏട്ടാം വ്യാഴം

Mt 6:22-24 (അവിഭജിത ഹൃദയവും ആന്തരിക കാഴ്ചയും)

Fr. Winson Moyalan CMI

എത്ര സമ്പത്തുണ്ടായാലും മനുഷ്യന്റെ ആർത്തി തീരുന്നില്ല. എന്നാൽ യഥാർത്ഥ നിക്ഷേപം സ്വർഗ്ഗത്തിലായിരിക്കണമെന്നുള്ള മുൻ പാഠത്തിന്റെ തുടർച്ചയാണ് ഇന്നത്തെ വായനയിലും നാം കാണുന്നത്. കണ്ണ് നല്കപ്പെട്ടിരിക്കുന്നത് ഈ ലോക കാഴ്ചകൾ മാത്രം കാണാനല്ല. അന്ധരായ മനുഷ്യർക്ക് ബാഹ്യ നേത്രങ്ങൾക്കൊപ്പം ആന്തരിക നേത്രങ്ങളും തുറന്നു കിട്ടുന്നതായി നാം വായിക്കുന്നുണ്ടല്ലോ?

ലോകത്തിലെ കാഴ്ചകൾ കാണാൻ ബാഹ്യനേത്രങ്ങളും, സ്വർഗ്ഗീയ കാഴ്ചകൾ കാണാൻ ഹൃദയവും ദൈവം നമുക്ക് നല്കിയിരിക്കുന്നു. ദൈവത്തിൽ മാത്രം ഹൃദയം അർപ്പിക്കുന്നവർക്കാണ് ഈ സ്വർഗ്ഗീയ കാഴ്ചകൾ പ്രാപ്തമാകുക. "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ. അവർ ദൈവത്തെ കാണും" (5:8).
ദൈവത്തേയും മാമ്മോനേയും ഒരുമിച്ച് സേവിക്കുക സാദ്ധ്യമല്ല.(24); ഒരുവന്റെ നിക്ഷേപം എവിടെയായിരിക്കുന്നുവോ, അവിടെയായിരിക്കും അവന്റെ ഹൃദയവും. ഹൃദയത്തിൽ നന്മയുള്ളവർക്കാണ് അലൗകീക കാഴ്ചകൾ കാണാനുള്ള വരം ലഭിക്കുക. പരിശുദ്ധാത്മാവിനെ സ്വീകരിക്കുമ്പോഴാണ് ആന്തരിക നേത്രങ്ങൾ തുറന്ന് ആത്മീയ വരങ്ങൾ കൊണ്ട് നാം നിറയുക.

പരിശുദ്ധാത്മാനുഭവത്തിലൂടെ കടന്നുപോയവർക്ക് പിന്നെ ദൈവത്തെ പ്രഘോഷിക്കാതിരിക്കുവാൻ സാദ്ധ്യമല്ല.

*Published by*
CMI General Department of Evangelization and Pastoral Ministry